**ശ്രദ്ധ ക്ഷണിക്കൽ**

മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്ക്കരണം

ശ്രീ. അൻവർ സാദത്ത് : സർ, ഇന്ന് 2014 ജൂൺ 26–ാം തീയതി ലോക ലഹരിവിരുദ്ധദിനമാണ്. അന്താരാഷ്ട്ര തലത്തിൽ ലഹരിപദാർത്ഥങ്ങൾക്കെതിരെ ഭൂഗോളത്തിലെ മനുഷ്യവർഗ്ഗം ഒത്തുചേർന്ന് പൊരുതുവാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു ദിവസമാണ് ഇന്ന്. 1987 ഡിസംബർ 7–ാം തീയതി ഐക്യരാഷ്ട്രസഭ അംഗീകരിച്ച പ്രമേയമാണ് ലോകമന:സാക്ഷിയെ ഉണർത്തുന്ന ഈ ദിനാചരണത്തിന്റെ അടിസ്ഥാനം. കേരളത്തിൽ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ ആഹ്വാനപ്രകാരം കോൺഗ്രസ്സിന്റെ ആയിരത്തിൽപ്പരം മണ്ഡലകമ്മിറ്റിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ജനകീയവേദി സംഘടിപ്പിക്കുകയാണ്. ഇതിലൂടെ കോൺഗ്രസ്സ് പ്രസ്ഥനത്തിന്റെ പുതിയ തലമുറയോടും അതോടൊപ്പം പഴയ തലമുറയോടുമുള്ള ഒരു പ്രതിബദ്ധതയായിട്ടാണ് ഈ കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ തീരുമാനത്തെ ഞാൻ കാണുന്നത്. ഇന്ന് പലപ്പോഴും പുതിയ തലമുറ മദ്യത്തിൽനിന്നും മയക്കുമരുന്നിൽനിന്നും വിമുക്തമാകണമെന്നാണ് മുദ്രാവാക്യങ്ങൾ നടത്തുന്നത്. എന്റെ അഭിപ്രായത്തിൽ പുതിയ തലമുറയെ മാത്രം ശ്രദ്ധിച്ചാൽ പോര, പഴയ തലമുറയിലെയും നല്ലൊരു വിഭാഗം ആളുകൾ മദ്യത്തിനും മയക്കുമരുന്നിനും ലഹരിക്കും അടിമപ്പെട്ട് സമൂഹത്തിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനെക്കുറിച്ച് ഉണർന്നു ചിന്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ കേരളീയ സമൂഹം നേരിടുന്ന ഗുരുതരമായ സാമൂഹ്യ ആരോഗ്യപ്രശ്നമാണ് വർദ്ധിച്ചുവരുന്ന മദ്യപാനം,

മയക്കുമരുന്ന് എന്നിവയോടുള്ള ആസക്തി. യുവജനങ്ങളിൽ നല്ലൊരു വിഭാഗം മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ലക്ഷ്യബോധം നഷ്ടപ്പെട്ട അവസ്ഥയിലാണ്. ഇൻഡ്യയിലെ 20 ശതമാനം പേർ മദ്യാപാനത്തിന് അടിമകളാണ്.

ഇന്ത്യയിൽ മദ്യോപഭോക്താക്കൾ ഏറ്റവും കൂടുതലുള്ള (16%) സംസ്ഥാനമാണ് കേരളം. ആളോഹരി മദ്യോപയോഗം 8.3 ലിറ്ററാണ്. ഇത് മദ്യോപയോഗത്തിന്റെ ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ലോകത്ത് പ്രതിവർഷം 50,000 കോടി ഡോളറിന്റെ മയക്കുമരുന്ന് വ്യാപാരം നടക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മദ്യ-മയക്കുമരുന്നുപയോഗം കൗമാരക്കാരിലും വർദ്ധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നു. മദ്യത്തിനോടും മയക്കുമരുന്നിനോടുമുള്ള ആസക്തി ഗുരുതരമായ സാമൂഹ്യപ്രശ്നങ്ങൾക്കാണ് വഴിവയ്ക്കുന്നത്. രോഗങ്ങൾ, കുറ്റകൃത്യങ്ങൾ, വാഹനാപകടങ്ങൾ, ഗാർഹിക അതിക്രമം, വിവാഹ മോചനം, ആത്മഹത്യ, ലൈംഗികാക്രമണങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ എന്നിവ വർദ്ധിക്കുന്നു. പലപ്പോഴും മനുഷ്യൻ മൃഗമായി മാറുന്ന ഒരു സാഹചര്യം ലഹരിക്ക് അടിമപ്പെടുമ്പോൾ ഉണ്ടാകുന്നു. കുട്ടികളിലെ സ്വഭാവ വൈകല്യങ്ങൾ, കുടുംബ കലഹങ്ങൾ, കുടുംബ തകർച്ച എന്നിങ്ങനെ സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഏറെ വലുതാണ്. മയക്കുമരുന്നുപയോഗം ക്രമാതീതം വർദ്ധിക്കുന്നതായി സംസ്ഥാന എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും. 2007- ൽ സംസ്ഥാന എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും ഒട്ടേറെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിദിനം 12 ലക്ഷം ഉപയോക്താക്കൾ ബിവറേജസ് കോർപ്പ

റേഷന്റെ വില്പനശാലകൾക്കുമുമ്പിൽ തടിച്ചുകൂടുന്ന ദയനീയാവസ്ഥയാണ് ഇന്ന് നാഷണൽ ഹൈവേകളിൽകൂടിയും മറ്റും സഞ്ചരിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. പ്രതിവർഷം 50 കോടി മദ്യക്കുപ്പികൾ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നതായാണ് കണക്കാക്കുന്നത്. സായംസന്ധ്യയിൽ മറ്റ് വിനോദോപാധികളെല്ലാം ഉപേക്ഷിച്ചുകൊണ്ട് വലിയൊരു ജനവിഭാഗം മദ്യത്തിലും മയക്കുമരുന്നിലും അഭയം തേടുന്ന ഒരു ദുരവസ്ഥയാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണുന്നത്. എന്നാൽ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 25 ലക്ഷം മറുനാടൻ തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് പണിയെടുക്കുന്നു. ഇവരിൽ ഭൂരിഭാഗവും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുകൊണ്ട് ആ സംസ്ഥാനങ്ങളിൽനിന്നും മദ്യവും മയക്കുമരുന്നും ട്രെയിൻ മാർഗ്ഗവും അല്ലാതെയും കേരളത്തിലെത്തിക്കുന്ന ദയനീയ സാഹചര്യം ഇന്ന് നമ്മുടെ സമൂഹത്തിൽ കാണാം. മദ്യോപഭോഗത്തിൽനിന്നും അകലം പാലിക്കുന്ന ചെറുപ്പക്കാർ മയക്കുമരുന്നിൽ ആസക്തിപൂണ്ട് ലഹരിക്ക് അടിമപ്പെടുന്ന ദയനീയ കാഴ്ച സമൂഹം കണ്ടില്ലെന്ന് നടിക്കരുത്. കഞ്ചാവ്, ഹാഷിഷ്, ഹെറോയിൻ, കൊക്കയ്ൻ തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ നമ്മുടെ യുവാക്കളിൽ കുത്തിവച്ച് ലാഭംകൊയ്യുന്ന കഴുകന്മാർ സമൂഹത്തിൽ ഇന്ന് ചീറിപ്പാഞ്ഞ് നടക്കുകയാണ്. 2009–ൽ എക്സൈസ് വകുപ്പിന്റെ കണക്കനുസരിച്ച് 8616 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിൽ 20213 കേസ്സുകളെടുത്തിട്ടുണ്ട്. എന്നാൽ 2010–ൽ ഇത് 8338 ഉം 37896 കേസ്സുകളുമായി ഉയർന്ന സാഹചര്യമാണുള്ളത്. ദിവസംചെല്ലുന്തോറും മദ്യ–മയക്കുമരുന്ന് കേസ്സുകൾ ഇന്ന് നമ്മുടെ സമൂഹത്തിൽ കൂടിക്കൊണ്ടിരിക്കുകയാണ്. മദ്യ–മയക്കുമരുന്ന് ആസക്തിക്കെതിരെ കേരളീയ

സമൂഹത്തെ ഉണർത്തുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ബോധവത്ക്കരണ പരിപാടികൾ വിജയകരമായി നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടേയും വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റേയും നേതൃത്വത്തിൽ നടക്കുന്ന 'ക്ലീൻ ക്യാമ്പസ്, സേവ് ക്യാമ്പസ്' എന്ന പുതിയ പദ്ധതി കലാലയങ്ങളിലെ മദ്യ-മയക്കുമരുന്നുപയോഗത്തിനെതിരെ നല്ലൊരു തുടക്കമായി കാണാൻ സാധിക്കും. ഈ പദ്ധതി വന്നതോടെ കലാലയങ്ങളിൽ മദ്യ-മയക്കുമരുന്നിനെ നേരിടാൻ പുതിയ തലമുറയെ പ്രാപ്തരാക്കാൻ സാധിക്കും. അതുപോലെ എക്സൈസ് വകുപ്പും വളരെ നല്ലരീതിയിൽ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ ക്രിയാത്മക ന്യൂതന പദ്ധതികൾക്ക് സംസ്ഥാന എക്സൈസ് വകുപ്പ് ഇനിയും രൂപം നൽകണം. മദ്യ വിൽപ്പനയിൽനിന്നുള്ള വരുമാനത്തിന്റെ ഒരു നിശ്ചിത വരവ് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ച് സമൂഹത്തോടുള്ള കടപ്പാട് നിറവേറ്റണം. ബോധവൽത്ക്കരണത്തിനുള്ള തുക ഓരോ വർഷവും മുൻവർഷത്തേതിനെക്കാൾ 50% ഉയർത്തി നിശ്ചയിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു. അതുപോലെ വേലി തന്നെ വിളവ് തിന്നുന്നതുപേലെയാണ് ന്യൂ ജനറേഷൻ സിനിമകളുടെ അവസ്ഥ. പല സിനിമകളിലും മദ്യവും മയക്കുമരുന്നും എങ്ങനെയാണ് പുതിയ രീതിയിൽ ഉപയോഗിക്കേണ്ടതെന്ന് പുതിയ തലമുറയെ മനസ്സിലാക്കിക്കൊടുക്കുന്നതുപോലെയാണ് ഇന്ന് സിനിമകൾ ചിത്രീകരിക്കുന്നത്. ഏത് സെൻസർ ബോർഡാണ് ഇതിന് അംഗീകാരം നൽകുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. അൻവർ സാദത്ത് പ്ലീസ് കൺക്ലൂഡ്.

ശ്രീ. അൻവർ സാദത്ത്: സർ, രാവിലെ എങ്ങനെ മദ്യം കഴിക്കാൻ സാധിക്കും, അല്ലെങ്കിൽ മദ്യലഹരിയുടെ ഉല്ലാസങ്ങൾ എങ്ങനെയെല്ലാം കിട്ടുന്നു എന്നുള്ളതൊക്കെ സിനിമകളിൽ കാണിക്കുന്നു. അതുകൊണ്ട് കേരളത്തിലെ എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും ഇങ്ങനെയുള്ള സിനിമകൾ പ്രദർശിപ്പിക്കാൻ അനുമതി കൊടുക്കരുതെന്ന് കാണിച്ച് സെൻസർ ബോർഡിന് കത്തെഴുതണം. ഇത് പുതിയ തലമുറയെ വലിയ രീതിയിൽ വഴിതെറ്റിക്കുന്ന സാഹചര്യമാണ്. അതുപോലെതന്നെ പല മാതാ പിതാക്കളും മക്കളെ മറ്റ് സംസ്ഥാനങ്ങളിലേക്കും അല്ലെങ്കിൽ മറ്റുരാജ്യങ്ങളി ലേക്കും പഠിക്കാൻ അയയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അൻവർ സാദത്ത് 7 മിനിറ്റായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇത് വളരെ പ്രാധാന്യമുള്ള വിഷയമാണ്. കുറച്ച് സമയംകൂടി നൽകണം. പൊങ്ങച്ചം കാണിക്കുന്നതിനുവേണ്ടി മക്കളെ മറ്റ് സ്ഥലങ്ങളിൽ കൊണ്ടുവിടുന്ന മാതാപിതാക്കളുമുണ്ട്. മക്കൾ ഏത് രീതി യിൽ പഠിക്കുന്നുവെന്നോ ഏത് രീതിയിൽ നടക്കുന്നുവെന്നോ ചിന്തിക്കാതെ അവിടെ നടക്കുന്ന തോന്ന്യാസങ്ങൾ......... പലപ്പോഴും മദ്യത്തിനും മയക്കുമ രുന്നിനും അടിമപ്പെട്ടുകൊണ്ട് അവരുടെ ജീവിതംതന്നെ ഇല്ലാതായിപ്പോകുന്ന സാഹചര്യമുണ്ടാകാറുണ്ട്. അതിന്റെ പ്രാധാന്യമുൾക്കൊണ്ടുതന്നെയാണ് ഞാൻ ഈ ദിവസംതന്നെ ഇങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ സഭയുടെ മുമ്പിൽ അവതരിപ്പിച്ചത്. നമുക്ക് ഘട്ടംഘട്ടമായി മദ്യ വർജ്ജനം കേരള ത്തിൽ നടപ്പിലാക്കണം. അതിലൂടെ മാത്രമേ കേരളത്തിലെ പുതിയ തലമുറ യേയും പഴയ തലമുറയേയും അതിൽനിന്നും രക്ഷിക്കാൻ സാധിക്കുകയു

ള്ളൂ. അതിന് ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചേ മതിയാകൂ എന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അന്താരാഷ്ട്ര മയക്കുമരുക്ക് ദിനത്തിന്റെ സന്ദേശം എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ശ്രദ്ധക്ഷണിക്കലാണ് ശ്രീ. അൻവർ സാദത്ത് നടത്തിയിട്ടുള്ളത്. സംസ്ക്കാര സമ്പന്നവും ആരോഗ്യ പൂർണ്ണവുമായ വരുംതലമുറയെ വാർത്തെടുക്കുക, യുവതലമുറയുടെ ജീവിത നിപുണത മെച്ചപ്പെടുത്തുന്നതിന് പ്രേരിപ്പിക്കുക, സമൂഹത്തിൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുക അതുവഴി ലഹരി വിമുക്ത കേരളം എന്നുള്ള ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി കലാലയങ്ങളും വിദ്യാലയ ങ്ങളും കേന്ദ്രീകരിച്ചും സമൂഹത്തിലെ മറ്റ് സന്നദ്ധ സംഘടനകളുമായി യോജിച്ചും കഴിഞ്ഞ മൂന്നുവർഷമായി എക്സൈസ് വകുപ്പ് മദ്യ-മയക്കുമരു ന്നുകൾക്കെതിരായി ശക്തമായ ബോധവത്ക്കരണ പ്രചാരണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകി വരികയാണ്. ഇതിനായി ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു. സാമൂഹിക പ്രതി ബദ്ധതയുടെ ഭാഗമായി ശ്രീ. അൻവർ സാദത്ത് ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്തെ സർക്കാർ-സർക്കാരിതര ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സി.-യുടെ സി.എസ്.ആർ. ഫണ്ടിൽനിന്നും സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എക്സൈസ് ഡിപ്പാർട്ടുമെന്റ് സംഘടിപ്പിക്കുന്ന പരിപാടി യിൽവച്ച് ഡീ-അഡിക്ഷൻ സെന്ററുകൾക്കുള്ള സഹായം വിതരണം ചെയ്യു ന്നതാണ്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി കർശനമായ നടപ

ടിയും ബോധവത്ക്കരണ പ്രവർത്തനവുമാണ് എക്സൈസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മദ്യ-മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കളുടേയും അനധികൃത ഉത്പാദനം, വിൽപ്പന എന്നിവയ്ക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടേയും ബോധവത്ക്കരണ പ്രവർത്തന ങ്ങളുടേയും നടപടികൾ സ്വീകരിച്ചുവരികയാണ്. അട്ടപ്പാടി ആദിവാസി മേഖലയെ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി ആ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി ജനമൈത്രി എക്സൈസ് എന്ന പ്രത്യേക സ്ക്വാഡ് പുതിയതായി രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്ത നങ്ങളും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ശക്തിയായി നടത്തിവരികയാ ണ്. ഇതിന് ഫലമുണ്ടായിട്ടുണ്ട്. ഈ ദിശയിലേക്കുള്ള നടപടികൾ കൂടു തൽ ഊർജ്ജിതപ്പെടുത്തുന്നതാണ്. ഇതിനായി പുകയില ഉൽപ്പന്നങ്ങളും വിൽപ്പന കേന്ദ്രങ്ങളും പരിശോധിച്ച് കേസ് ചാർജ്ജ് ചെയ്യുന്നതിനുള്ള അധി കാരം എക്സൈസ് ഉദ്യോഗസ്ഥർക്കുകൂടി നൽകുവാൻ ചട്ടത്തിലാവശ്യ മായ ഭേദഗതി കൊണ്ടുവരാനുദ്ദേശിക്കുകയാണ്. അതുപോലെ സിനിമയിലെ മദ്യപാന രംഗത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. മദ്യപാനത്തിന്റെ ദോഷത്തെ ക്കുറിച്ച് മുന്നറിയിപ്പ് നൽകാതെ അത്തരം രംഗങ്ങൾ കാണിക്കരുതെന്നുള്ള വ്യവസ്ഥ ലംഘിച്ചുകൊണ്ട് പ്രദർശിപ്പിച്ച ചില സിനിമകൾക്കെതിരായി ഇതി നോടകംതന്നെ കേസ് എടുത്തിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുവാനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാനതലത്തിൽ എല്ലാ വിഭാഗം വിദഗ്ധരുമുൾപ്പെടുന്ന ഉപദേശക സമിതി രൂപീകരിക്കാൻ എക്സൈസ് ഡിപ്പാർട്ടുമെന്റുദ്ദേശിക്കുന്നു. കെ.എസ്.ബി.സി.-യുടെ സാമൂഹ്യ പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിനും ബോധവൽക്കരണത്തിനും പുനരധിവാസത്തിനുംവേണ്ടി കൂടുതൽ ഫണ്ട് ചെലവഴിക്കാനുദ്ദേശിക്കുകയാ

ണ്. Narcotic Drugs and Psychotropic Substances Act (NDPS Act) എന്ന കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തണമെന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടുകയുണ്ടായി. നിയമ വകുപ്പിന്റെ അനുകൂല ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഉടനടി ഈ വിഷയം കേന്ദ്ര സർക്കാരിലേയ്ക്ക് എഴുതുന്നതാണ്. നിലവിൽ ഒരു കിലോഗ്രാംവരെ കഞ്ചാവ് കൈവശം വയ്ക്കുന്നത് സ്മാൾ ക്വാണ്ടിറ്റിയായാണ് കണക്കാക്കുന്നത്. ഇത് ബെയ്ലബിളാണ്. ഒരു കിലോ എന്നുള്ളത് 100 ഗ്രാമായി കുറയ്ക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം. ലഹരിവിരുദ്ധ പ്രവർത്തനം ഏതെങ്കിലുമൊരു വകുപ്പോ സംഘടനയോമാത്രം ഏറ്റെടുക്കേണ്ട വിഷയമാണെന്ന് ഞാൻ കരുതുന്നില്ല. മറിച്ച് മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന മഹാവിപത്തിനെതിരെ സമൂഹം ഒറ്റക്കെട്ടായി ഈ പ്രവർത്തനങ്ങളിൽ അണിചേരേണ്ടതാണ് എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇക്കാര്യത്തിൽ ശ്രീ. അൻവർ സാദത്ത് മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ലഹരിക്ക് അടിമപ്പെട്ടവരെ അതിൽനിന്നും മോചിപ്പിക്കുവാൻ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ലഹരി മോചന ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി തയ്യാറാകുമോ; സർക്കാർ ഇതിനായി നടത്തുന്ന ബോധവത്ക്കരണ പ്രചരണ പരിപാടികൾ ജനങ്ങൾക്ക് കൂടുതൽ മനസ്സിലാകുന്ന രീതിയിൽ, എഫക്ടീവായ രീതിയിൽ നടപ്പിലാക്കണം. പുതിയ തലമുറ മാത്രമല്ല പഴയ തലമുറയും ഇതിൽ ഉൾപ്പെ

ട്ടിരിക്കുകയാണ്. ഇതിനായി നല്ലൊരു തുക സർക്കാർ ചെലവഴിക്കേണ്ടി വരും. ഈ പരിപാടി ജനങ്ങളുടെ മനസ്സിൽ നല്ലവണ്ണം തറയത്തക്കവിധത്തിൽ സെലിബ്രിറ്റീസിനെ കൂടി ഉൾപ്പെടുത്തി പ്രചരണം നടത്തുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ വളരെ സ്വീകാര്യമാണ്. ബോധവത്ക്കരണത്തിനുവേണ്ടി കൂടുതൽ പണം ചെലവാക്കി പ്രചരണങ്ങൾ നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. അതുപോലെ സെലിബ്രിറ്റീസിനെ ഉപയോഗിച്ചു കൊണ്ട് ജനങ്ങൾക്ക് പെട്ടെന്ന് മനസ്സിൽ തറയത്തക്കവിധത്തിലുള്ള പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്; സിനിമാ നടനായ ശ്രീ. മമ്മൂട്ടിയുടെ ഒരു കാസറ്റ് ഇതിനകം തന്നെ ഈ രൂപത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്; അത് അദ്ദേഹം തന്നെ നിർമ്മിച്ച് എക്സൈസ് വകുപ്പിന് കൈമാറിയിട്ടുമുണ്ട്. ഇതു പോലെ സെലിബ്രിറ്റീസിനെ ഉപയോഗിച്ചുകൊണ്ട് കൂടുതൽ പ്രചരണം നടത്തുന്നതിനെക്കുറിച്ച് തീർച്ചയായും ഗവൺമെന്റ് ആലോചിക്കുന്നതാണ്; അതുപോലെ എൻഫോഴ്സ്മെന്റും കൂടുതൽ കർക്കശമാക്കാൻ നടപടി സ്വീകരിക്കും.

## നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ലംഘനം

ശ്രീ. എം. ചന്ദ്രൻ: സർ, കേരളത്തിൽ ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്നവർക്കു മാത്രമല്ല, ഭാവിയിൽ ജനിക്കാൻ പോകുന്ന കുഞ്ഞുങ്ങൾ വരെ ദുരിതത്തിലാകുന്ന രൂപത്തിലാണ് കേരളത്തിലെ നെൽവയലുകളുടെ സ്ഥിതി വിശേഷം ഇന്ന് നീങ്ങികൊണ്ടിരിക്കുന്നത്. കേരളത്തിലെ നെൽവയലുകളും

തണ്ണീർത്തടങ്ങളും യാതൊരു നിയന്ത്രണവുമില്ലാതെ മണ്ണിട്ടുനികത്തി, അത് ഇല്ലാതാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 1974-75-ൽ നമ്മുടെ സംസ്ഥാനത്ത് 8,80,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു. അന്ന് നമ്മുടെ നെല്ലുൽപ്പാദനം 12,26,413 ടൺ ആയിരുന്നു. എന്നാൽ 2012-13-ലെ സാമ്പത്തിക അവലോകനത്തിൽ പറയുന്നത് നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 1,97,277 ഹെക്ടർ ആണെന്നാണ്. ഇപ്പോൾ നമ്മൾ ഉൽപ്പാദിപ്പിക്കുന്ന നെല്ലെന്ന് പറയുന്നത് 2577 ടൺ മാത്രമാണ്. അവശേഷിക്കുന്ന നെൽവയലുകളും നിത്യേനെയെന്നോണം മാറ്റപ്പെട്ടു കൊണ്ടിരിക്കുകയാണ്, അല്ലെങ്കിൽ നികത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് നമ്മുടെ സംസ്ഥാനത്തിലെ റവന്യൂ വകുപ്പിലെ അധികാരികളും പോലീസും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും കൃഷി ഓഫീസർമാരും പലയിടത്തും കൂട്ടുനിൽക്കുന്നൊരു അവസ്ഥയാണുള്ളത്. നെൽവയലുകളിൽ യാതൊരു നിയന്ത്രണവുമില്ലാതെ, മണ്ണിട്ടുനികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്ന തിനുള്ള എല്ലാ ഒത്താശയും റവന്യൂ വകുപ്പ് ഇന്ന് ചെയ്തുകൊടുത്തു കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി, നെൽവയലുകൾ നികത്തപ്പെട്ട് മൈതാനങ്ങളാകുന്നൂവെന്ന് മാത്രമല്ല ഗ്രാമപ്രദേശങ്ങളിലെ ചെറിയ ചെറിയ കുന്നുകൾ പോലും ഇപ്പോൾ കാണാനില്ല. എല്ലാ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന് ഏറ്റവും ഉപയോഗപ്പെടുത്തുന്ന ഒരു വാഹനമാണ് ജെ.സി.ബി. ഈ വാഹനത്തിന്റെ അനിയന്ത്രിതമായ പെരുപ്പം നമ്മുടെ സംസ്ഥാനത്ത് ഇതിനൊക്കെ വലിയ കൂട്ടായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ജെ.സി.ബി.-ക്ക് ഏതെങ്കിലും

തരത്തിലുള്ള ഒരു നിയന്ത്രണമില്ലാതെ വന്നാൽ രാജ്യത്ത് ഇനി ഒരു കുന്നു പോലും അവശേഷിക്കാതെ വരും. അതിനാവശ്യമായ ഒരു നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. കേരളത്തിൽ അവശേഷി ക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കണമെന്ന ഉദ്ദേശ ത്തോടുകൂടിയാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയത്. ആ നിയമം 2007-ൽ നിയമസഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിക്ക് പോകുകയും ഇന്ത്യാ രാജ്യത്താകമാനം തെളിവെടുപ്പുകളൊക്കെ നടത്തി വളരെ കൃത്യമായ രീതി യിലാണ് ആ നിയമം ഇവിടെ പാസ്സാക്കിയെടുത്തത്. ആ നിയമം, റവന്യൂ വകുപ്പിന്റെ ഒരു ഉദ്യോഗസ്ഥനും നടപ്പിലാക്കുന്നില്ല. ഈ നിയമപ്രകാരം സ്വന്തമായി നെൽകൃഷി ചെയ്യുന്ന ഭൂമി മാത്രമേ ഒരു ജില്ലയിലുള്ളൂവെന്ന് വന്നാൽമാത്രമേ അത്തരത്തിലുള്ള ഉടമയ്ക്ക് 10 സെന്റ് ഗ്രാമപ്രദേശത്തും 5 സെന്റ് പട്ടണപ്രദേശത്തും വീട് വയ്ക്കാൻ അനുമതി നൽകാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിന് പ്രാദേശികമായി ഒരു സമിതിയും രൂപീകരി ച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പഞ്ചായത്ത് വകുപ്പിലെ കൃഷി ഓഫീസർ കൺവീനറും വില്ലേജ് ഓഫീസറും മൂന്ന് കർഷക പ്രതിനിധികളും അടങ്ങുന്നതാണ് ആ സമിതി. ആ സമിതിക്കാണ് ഇത് ശുപാർശ ചെയ്യാനുള്ള അവകാശമുള്ളത്. എന്നാൽ അവർക്ക് നൽകാനുള്ള അധികാരമില്ല, പക്ഷേ ശുപാർശ ചെയ്യാം. ശുപാർശ ചെയ്താൽ ജില്ലാതല ത്തിൽ ആർ.ഡി.ഒ. ചെയർമാനായി പ്രവർത്തിക്കുന്ന സമിതിക്ക് മാത്രമേ 10 സെന്റ് ഗ്രാമപ്രദേശങ്ങളിലും 5 സെന്റ് പട്ടണപ്രദേശങ്ങളിലും ഇളവ് അനുവ

ദിക്കാൻ അധികാരമുള്ളൂ. ആ സമിതിയുടെ പ്രവർത്തനങ്ങളൊക്കെ ഇപ്പോൾ നിർജ്ജീവമാണ്. യഥാർത്ഥത്തിൽ, ഈ നിയമം നിലനിൽക്കുമ്പോൾ എങ്ങനെയാണ് നമ്മുടെ നാട്ടിലെ നെൽവയലുകളിൽ ഏക്കർകണക്കിന് സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകളും കച്ചവടസ്ഥാപനങ്ങളും അതിനാവശ്യമായ കെട്ടിടങ്ങളുമൊക്കെ ഉയർന്നുവരുന്നത്? ഇതിനൊക്കെ പഞ്ചായത്ത് സെക്രട്ടറിമാർ അംഗീകാരം കൊടുക്കുകയാണ്. ഈ നിയമ ത്തിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നും നെൽവയലുകളും തണ്ണീർത്ത ടങ്ങളും സംബന്ധിച്ചുള്ള ഒരു മാപ്പ് ഗ്രാമപഞ്ചായത്തുകൾ അടിയന്തരമായി തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയമം പാസ്സാക്കി 6 വർഷം കഴിഞ്ഞതിനുശേഷം പരിശോധിക്കുമ്പോൾ 978 പഞ്ചായത്തുകളിൽനിന്ന് 814 പഞ്ചായത്തുകളിൽ മാത്രമാണ് ഡാറ്റാ ബാങ്കിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയി ട്ടുള്ളത്. ഏറ്റവും കൂടുതൽ നെൽവയലുകളുള്ള പാലക്കാട് ജില്ലയിൽ, 91 ഗ്രാമപഞ്ചായത്തുകളുള്ളതിൽ ഒന്നിൽപോലും ഡാറ്റാ ബാങ്കിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇത് റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞ മറുപടി യാണ്. ഒരു ഗ്രാമപഞ്ചായത്തിൽപ്പോലും ഡാറ്റാ ബാങ്കിന്റെ ഡ്രാഫ്റ്റ് തയ്യാറാ ക്കിയിട്ടില്ല എന്നുമാത്രമല്ല ഗസറ്റ് നോട്ടിഫിക്കേഷനും കൊടുത്തിട്ടില്ല. 91 പഞ്ചായത്തുകളിലും ഗസറ്റ് നോട്ടിഫിക്കേഷൻ കൊടുത്തില്ല. ഇക്കാര്യം സർക്കാർ അടിയന്തരമായി പരിശോധിക്കണം. 1967-ലെ കേരള ലാന്റ് യൂട്ടി ലൈസേഷൻ ഓർഡർ ഇപ്പോഴും നിലനിൽക്കുകയാണ്. ആർ.ഡി.ഒ.-മാർ അതിനെ ഉപയോഗപ്പെടുത്തികൊണ്ട് പരിധിയില്ലാതെ, നിലം നികത്തുന്നതിന് അനുമതി കൊടുക്കുകയാണ്. ഈ നിയമം നടപ്പിലാക്കേണ്ട, അതിന്റെ

ചെയർമാനായി ജില്ലാകമ്മിറ്റിയിൽ പ്രവർത്തിക്കേണ്ട ആർ.ഡി.ഒ. തന്നെ ഈ നിയമം മാറ്റിവച്ച് 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ആർ.ഡി.ഒ.-യിൽ നിഷിപ്തമായിട്ടുള്ള അധികാരം ഉപയോഗപ്പെടുത്തികൊണ്ട് പരിധിയില്ലാതെ, നിലം നികത്താൻ വേണ്ടിയുള്ള അനുമതി നൽകുകയാണ്. എന്തിനാണ് ഈ നിയമം നടപ്പിലാക്കുന്നത്? ഈ നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ തന്നെ ഇതിനെ മറികടന്ന് ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം പരിധിയില്ലാതെ നെൽവയൽ നികത്തുന്നതിനുവേണ്ടി അനുമതി കൊടുക്കാമെന്നുള്ള നിലവിലെ വ്യവസ്ഥ നിലനിന്നാൽ ഈ നിയമം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? അതുകൊണ്ട് ഈ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ അടിയന്തരമായി റദ്ദാക്കണം. അതിന് ഗവൺമെന്റ് എന്തെങ്കിലും ഉത്തരവ് നൽകിയേ മതിയാകൂ. അതല്ലെങ്കിൽ നമ്മുടെ നാട്ടിലെ എല്ലാ നെൽവയലുകളും ഇഷ്ടംപോലെ നികത്താനുള്ള അവസരമുണ്ടാകും. അത് ഉപയോഗപ്പെടുത്തി...... ഡാറ്റാ ബാങ്കിൽ തിരിമറി നടത്താനായി ഉദ്യോഗസ്ഥന്മാർക്ക് കാശ് കൊടുത്ത് അതിനെ നെൽവയൽ അല്ലാതാക്കി മാറ്റികൊടുക്കുകയാണ്. അവിടെ വലിയ അഴിമതിയാണ് നടത്തുന്നത്. അതുകൊണ്ട് 2008-നുശേഷം ഈ സംസ്ഥാനത്ത് നടന്ന ഭൂമി നികത്തലിനെ സംബന്ധിച്ച് ഒരു സർവ്വേ നടത്തണം. 2008-ലുണ്ടായിരുന്ന നിയമം വച്ച് നെൽവയലുകളെയെങ്കിലും സംരക്ഷിക്കാൻ കഴിയണം അല്ലെങ്കിൽ അതിനെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരുന്നതിനുവേണ്ടി സർക്കാർ അടിയന്തരമായി നടപടിയെടുക്കണം. അങ്ങനെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ച് ഭാവി തലമുറയ്ക്കുവേണ്ട ഭക്ഷ്യസുരക്ഷയും കുടിവെള്ളത്തിന്റെ സുരക്ഷയും

ഉറപ്പുവരുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട ശ്രീ. എം. ചന്ദ്രൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയിൽ ഉന്നയിച്ചത്. ശ്രീ. വി.റ്റി. ബൽറാം 16-ാം തീയതി ഈ വിഷയംതന്നെ ഇവിടെ അവതരിപ്പിക്കുകയും ഞാൻ മറുപടി പറയുകയും ചെയ്തിരുന്നു. എങ്കിൽപ്പോലും ഇന്ന് ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച വിഷയം വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ കാണുകയാണ്. സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് നെൽവയലുകൾ, തണ്ണീർത്തടങ്ങൾ ഇവ സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുംവേണ്ടിയാണ് 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല അധികൃത സമിതികളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തി കൃഷി ഓഫീസർ കൺവീനറായും പ്രാദേശിക നിരീക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് ജില്ലാകളക്ടർമാർ നിർദ്ദേശങ്ങൾ നൽകിവരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് നികത്തിയതും നെല്ല് ഒഴികെയുള്ള മറ്റ് വിളകൾ കൃഷി ചെയ്യുന്നതുമായ

സ്ഥലങ്ങളാണ് 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിന്റെ പരിധിയിൽ വരുന്നത്. അത്തരം ഭൂമികൾ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗി ക്കുന്നതിനുള്ള അനുമതിയാണ് ആർ.ഡി.ഒ മാർ നൽകിവരുന്നത്. ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ഇവിടെ നടപ്പാക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ബഹുമാന പ്പെട്ട ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് നിരവധി കേസുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നതിനുശേഷം, 1967-ലെ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിന്റെ അടിസ്ഥാനത്തിൽ നെൽവയലുകൾ നേരത്തെ നികത്തിയി ട്ടുള്ളത് റെഗുലറൈസ് ചെയ്ത് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ നിരവധി കേസുകൾ വരികയും കോടിതിയിൽനിന്ന് റെഗുലറൈസ് ചെയ്ത് കൊടുക്കണമെന്ന രൂപത്തിലുള്ള ഉത്തരവുകൾ പല ഘട്ടങ്ങളിലായി വന്നുകൊണ്ടിരിക്കുകയുമാണ്. അത്തരം കേസുകളിലാണ് കോടതിയുടെ ഉത്തരവുകൾ ലംഘിക്കാതിരിക്കാൻ ആർ.ഡി.ഒ മാർ റഗുലറൈസ് ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എന്നാലും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ കാര്യ ക്ഷമതയോടെ നോക്കി കാണുന്നതാണ്. എവിടെയെങ്കിലും വീഴ്ചകൾ വരുന്നുണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, 2008-ൽ ഈ നിയമം വരുന്നതിനുമുമ്പ് നെൽവയലുകളായി പരിഗണിക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ മാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ

അതിനൊരു മാനദണ്ഡം സർക്കാർ നിശ്ചയിച്ചിരുന്നു. 10 വർഷത്തിലധികം പ്രായമായ വൃക്ഷങ്ങളോ കെട്ടിടങ്ങളോ പ്രസ്തുത സ്ഥലങ്ങളിൽ ഉണ്ടെങ്കിൽ അത് കരഭൂമിയായി പരിഗണിച്ച് അവിടെ കെട്ടിടനിർമ്മാണത്തിനോ മറ്റ് പ്രവർത്തനങ്ങൾക്കോ അനുമതി കൊടുക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ 2008-നുശേഷം നെൽവയലുകൾ നികത്തുന്നത് ഏത് നിയമത്തിന്റെ പിൻബലത്തിലാണ്? ഇപ്പോൾതന്നെ എൻ.എച്ച് - ന്റെ വശങ്ങളിൽ നോക്കിയാൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ധാരാളം വന്നുകൊണ്ടിരിക്കുകയാണ്. ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി എല്ലാ കേസുകളിലും തീർപ്പ് കൽപ്പിക്കുന്നത്, എല്ലാവർക്കും നെൽവയൽ നികത്താനുള്ള അവകാശം കൊടുക്കുന്നത്. എല്ലാ ട്രിബ്യൂണലുകളും അങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ റദ്ദാക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ റദ്ദാക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. പക്ഷേ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിന്റെ മറവിൽ ചില കാര്യങ്ങൾ നടക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. 2008-നുശേഷം നെൽവയൽ നികത്തിയിട്ടുണ്ടെങ്കിൽ പലസ്ഥലങ്ങളിലും ജില്ലാ കളക്ടർമാർ തന്നെ അത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതായാലും ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ റദ്ദാക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.